പതിമൂന്നാം കേരള നിയമസഭ – ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2041 12/02/2013 - ൽ മറുപടിക്ക്

## മത്സ്യ സമ്പത്തിലെ കുറവ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.മോൻസ് ജോസഫ്:<br>,, റ്റി.യു.കുരുവിള:<br>,, സി.എഫ്.തോമസ്:<br>,, തോമസ്സ് ഉണ്ണിയാടൻ: | | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സംസ്ഥാനത്ത് ഉൾനാടൻ ജലാശയങ്ങളിലും തീരപ്രദേശത്തും മത്സ്യസമ്പത്ത് കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില മത്സ്യങ്ങളുടെ ലഭ്യത കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ അതിന്റെ കാരണമെന്തെന്ന് കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. ഫിർമ നടപ്പിലാക്കുന്ന "Assessment of Reverine Fisheries and Linking with Water Quality Restoration Program" എന്ന പഠന പദ്ധതിയിൽ പെരിയാറിലെ ജലഗുണ നിലവാരവും മത്സ്യലഭ്യതയും സംബന്ധിച്ച പഠനം നടന്നു വരുന്നു. "Database on Exploited Fishery Resource of Marine and Inland Resource of Kerala" എന്ന പഠന പദ്ധതിയിൽ ഉൾനാടൻ ജലാശയ |

ങ്ങളിലെയും, തീരപ്രദേശത്തെയും മത്സ്യ ഉല്പാദനം സംബന്ധിച്ച പഠനവും നടന്നു വരുന്നു.

**(സി) ട്രോളിംഗ് നിരോധനം കൊണ്ട് ഉണ്ടായിട്ടുള്ള പ്രയോജനം എന്തെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?**

(സി) ട്രോളിംഗ് നിരോധനം കൊണ്ട് സമുദ്ര മത്സ്യസമ്പത്ത് നഷ്ടപ്പെടാതിരിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും മത്സ്യങ്ങളുടെ പ്രജനനകാലമായതിനാൽ ചെറു മത്സ്യങ്ങളെ സംരക്ഷിക്കുന്നതിനും സാധിക്കുന്നു. കൂടാതെ കടൽ പ്രക്ഷുബ്ധമായ സമയത്തുള്ള നിരോധനം മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും സംരക്ഷണമാകുന്നു. കഴിഞ്ഞ 18 വർഷമായുള്ള ട്രോളിംഗ് നിരോധനം സംസ്ഥാനത്തെ മത്സ്യസമ്പത്തിന് എത്രത്തോളം ഗുണകരമായിട്ടുണ്ടെന്നതിനെക്കുറിച്ച് പഠിക്കുന്നതിനായി ഫിഷറീസ് അഡീഷണൽ ഡയറക്ടർ ചെയർപേഴ്സണായി ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ